REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 06-09-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **ഇന്ത്യയ്ക്കും US നുമിടയിൽ സമഗ്രവും ആഗോള തല തന്ത്രപര പങ്കാളിത്തവും ഉണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഇന്ത്യ ,റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്നത് തുടരുമെന്ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ.**
- **അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒരാൾ കൂടി മരിച്ചു**
- **സ്വർണവില പുതിയ റെക്കോർഡിലെത്തി. പവന് 640 രൂപ വർദ്ധിച്ച് 79,560 രൂപയായി.**
- **US ഓപ്പൺ ടെന്നിസ് പുരുഷ വിഭാഗം സിംഗിൾസിൽ സ്പെയിനിന്റെ കാർലോസ് അൽക്കാരസും, ഇറ്റലിയുടെ ജാനിക് സിന്നറും ഏറ്റുമുട്ടും.**
- **കേരള ക്രിക്കറ്റ് ലീഗ് ഫൈനലിൽ നാളെ വൈകിട്ട് കൊല്ലം സെയ്‌ലേഴ്സ്, കൊച്ചി ബ്ലൂ ടൈഗേഴ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഇന്ത്യയും US ഉം തമ്മിൽ സമഗ്രവും ആഗോള തല തന്ത്രപര പങ്കാളിത്തവും ഉണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. US പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ വികാരങ്ങളെയും ഇന്ത്യ-US ബന്ധങ്ങളെക്കുറിച്ച് അദ്ദേഹം നടത്തിയ അനുകൂല വിലയിരുത്തലിനെയും അഭിനന്ദിക്കുന്നതായി നരേന്ദ്രമോദി അറിയിച്ചു.

ഇന്ത്യയും അമേരിക്കയും തമ്മിൽ പ്രത്യേക ബന്ധമുണ്ടെന്നും ഇരുരാജ്യങ്ങളും ആശങ്കപ്പെടേണ്ടതില്ലെന്നുമായിരുന്നു ട്രംപിന്റെ പരാമർശം. നരേന്ദ്രമോദി

മികച്ച പ്രധാനമന്ത്രിയാണെന്നും അദ്ദേഹവുമായി നല്ല സൗഹൃദമാണെന്നും പറഞ്ഞ ട്രംപ്, എന്നാൽ ഇന്ത്യ റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്നതിൽ നിരാശ പ്രകടിപ്പിക്കുകയും ചെയ്തു.

✪✪✪

ഇന്ത്യ റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്നത് തുടരുമെന്ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ അറിയിച്ചു. ഇക്കാര്യത്തിൽ ദേശീയ താത്പര്യം മുൻനിർത്തി മാത്രമായിരിക്കും തീരുമാനമെന്നും അവർ ന്യൂഡൽഹിയിൽ ഒരു ചാനൽ അഭിമുഖത്തിൽ പറഞ്ഞു. റഷ്യൻ എണ്ണയായാലും മറ്റ് എന്തായാലും നിരക്കിന്റെ കാര്യത്തിൽ രാജ്യത്തിന്റെ ആവശ്യത്തിന് അനുയോജ്യമായായിരിക്കും നിലപാടെന്നും അവർ ആവർത്തിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

പുതിയ GST പരിഷ്ക്കരണം പൗരന്മാരുടെ ഉപഭോഗം മെച്ചപ്പെടുത്തുമെന്നും, മൂലധന ചെലവിനെ ഇത് ബാധിക്കില്ലെന്നും അഭിമുഖത്തിൽ നിർമ്മലാ സീതാരാമൻ വ്യക്തമാക്കി. അമേരിക്ക ഏർപ്പെടുത്തിയ അധിക ചുങ്കത്തിന്റെ പശ്ചാത്തലത്തിൽ കയറ്റുമതിക്കാരെ പിന്തുണയ്ക്കുന്നതിന് കേന്ദ്രഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിച്ചുവരികയാണെന്നും, അവർക്കായി പ്രത്യേക പാക്കേജ് തയ്യാറാക്കുമെന്നും ധനമന്ത്രി അറിയിച്ചു. ആത്മനിർഭർ ഭാരതത്തിന്റെ ലക്ഷ്യം രാജ്യത്ത് എല്ലാം ഉത്പാദിപ്പിക്കുക മാത്രമല്ല, ആഗോള വ്യാപാരത്തിലെ അനിശ്ചിതത്വങ്ങൾക്കിടയിൽ ആത്മാഭിമാനം ഉയർത്തുക കൂടിയാണെന്ന് നിർമ്മലാ സീതാരാമൻ പറഞ്ഞു.

✪✪✪

ഉത്തരേന്ത്യയിൽ വെള്ളപൊക്കം രൂക്ഷമായ ജമ്മുവിലും പഞ്ചാബിലും രക്ഷാപ്രവർത്തനം തുടരുന്നു. ജമ്മു കശ്മീരിലെ റാമ്പൻ ജില്ലയിൽ 283 വീടുകൾ തകർന്നു. പ്രദേശത്ത് മിന്നൽ പ്രളയവും മണ്ണിടിച്ചിലും റിപ്പോർട്ട് ചെയ്തു. ആയിരത്തോളം പേരെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിച്ചു. ഹിമാചൽപ്രദേശിലെ കുളു ജില്ലയിലും വ്യാപക നാശനഷ്ടം ഉണ്ടായെന്നാണ് റിപ്പോർട്ട്.

ജമ്മുവിലെ ഉധംപൂർ ജില്ലയിൽ പ്രളയബാധിതർക്ക് വ്യോമസേനാ ഹെലികോപ്ടറുകൾ ഇന്നലെ ആറ് ടൺ ദുരിതാശ്വാസ സാമഗ്രികൾ എത്തിച്ചു.

✪✪✪

പഞ്ചാബിൽ വെള്ളപ്പൊക്കത്തിന്റെ നാശനഷ്ടങ്ങളുടെ റിപ്പോർട്ട് പ്രധാനമന്ത്രിക്ക് സമർപ്പിക്കുമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു. പ്രതിസന്ധി രൂക്ഷമാണെന്നും, പഞ്ചാബിനെ അതിൽ നിന്ന് കരകയറ്റാൻ സാധ്യമായതെല്ലാം ചെയ്യുമെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പ്രളയബാധിതമായ പഞ്ചാബിലെയും ഹിമാചൽപ്രദേശിലെയും രക്ഷാപ്രവർത്തനത്തിന് പരിശീലനം ലഭിച്ച ആയിരത്തിലേറെ MY ഭാരത് ആപ്ത മിത്രങ്ങളെ അണി നിരത്തുമെന്ന് കേന്ദ്രമന്ത്രി ഡോ.മൻസൂഖ് മാണ്ഡവ്യ പറഞ്ഞു. സമയബന്ധിതമായ സഹായം നൽകാൻ ജില്ലാ മജിസ്ട്രേറ്റുമാരുമായി സഹകരിച്ച് പ്രവർത്തിക്കാൻ MY ഭാരത് വൊളണ്ടിയർമാർക്കും ജില്ലാ യൂത്ത് ഓഫീസർമാർക്കും കേന്ദ്ര മന്ത്രി നിർദേശം നൽകി.

✪✪✪

ഉത്തരാഖണ്ഡിലെ കാലാവസ്ഥയും റോഡ് അറ്റകുറ്റപ്പണികളും മെച്ചപ്പെട്ടതോടെ ചാർ ധാം യാത്രയുടെ രജിസ്ട്രേഷൻ നടപടി പുനഃരാരംഭിച്ചു. എന്നാൽ ഗംഗോത്രി, യമുനോത്രി തീർത്ഥാടനം റോഡുകൾ തകർന്നതിനാൽ താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. ഗതാഗതം പുനഃസ്ഥാപിച്ചാൽ രണ്ട് ആരാധനാ കേന്ദ്രങ്ങളിലേക്കും യാത്ര വീണ്ടും തുടങ്ങും.

✪✪✪

ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യൻ സേന ഒത്തൊരുമയോടെ നീങ്ങിയെന്നും, ഓരോ സൈനികനും കടമകൾ പൂർണമായി നിറവേറ്റിയെന്നും കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി പറഞ്ഞു. ഓപ്പറേഷൻ സിന്ദൂറിനെപ്പറ്റി റിട്ടയേർഡ് ലെഫ്റ്റനന്റ് ജനറൽ KJS ധില്ലൻ എഴുതിയ ‘ ദ അൺറോൾഡ് സ്റ്റോറി ഓഫ് ഇന്ത്യാസ് ഡീപ്പ് സ്ട്രൈക്ക്സ് ഇൻസൈഡ് പാകിസ്ഥാൻ’ എന്ന പുസ്തകം ഡൽഹിയിൽ പ്രകാശനം ചെയ്യുകയായിരുന്നു ദ്വിവേദി.

✪✪✪

മൗറീഷ്യസ് പ്രധാനമന്ത്രി നവീൻ ചന്ദ്ര രംഗൂലം ഈ മാസം ഒമ്പതിന് ഇന്ത്യ സന്ദർശിക്കും. പതിനാറു വരെയാണ് സന്ദർശനം. ഡൽഹിക്കു പുറമെ മുംബൈ, വാരണാസി, അയോദ്ധ്യ, തിരുപ്പതി എന്നിടങ്ങളും രംഗൂലം സന്ദർശിക്കും.

✪✪✪

പത്തു ദിവസത്തെ ഗണേശോത്സവത്തിന് ഇന്ന് അനന്ത ചതുർദശി ദിനത്തിൽ സമാപനമാകും. രാജ്യത്തുടനീളം ഗണേശവിഗ്രഹങ്ങളുടെ നിമജ്ജനത്തോടെയാണ് സമാപനം. ഘോഷയാത്രകൾ, സംഗീത പ്രാർത്ഥനകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ശ്രീനാരായണഗുരുവിന്റെ 171-ാം ജയന്തി നാളെ സംസ്ഥാനമെങ്ങും ആഘോഷിക്കും. ശിവഗിരിയിലും വർക്കലയിലും ജയന്തിയോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ചതയ ദിനത്തിലാണ് ശ്രീനാരായണ ഗുരു ജയന്തി ആഘോഷിക്കുന്നത്.

✪✪✪

അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒരാൾ കൂടി മരിച്ചു. വയനാട് സ്വദേശി രതീഷ് ആണ് ചികിത്സയിലിരിക്കെ മരിച്ചത്. എതാനും ദിവസം മുമ്പ് കോഴിക്കോട് സ്വദേശികളായ രണ്ട് കുട്ടികളും മലപ്പുറം സ്വദേശിയായ ഒരു സ്ത്രീയും അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ചിരുന്നു. നിലവിൽ കോഴിക്കോട് മെഡിക്കൽ കോളജിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് 10 പേരാണ് ചികിൽസയിൽ കഴിയുന്നത്. ഇതിൽ മൂന്ന് പേർ കുട്ടികളാണ്. മുതിർന്ന ഒരാളുടെ നില ഗുരുതരമാണ്.

✪✪✪

ധർമ്മസ്ഥലയിൽ മൃതദേഹങ്ങൾ കുഴിച്ചുമൂടിയെന്ന കേസുമായി ബന്ധപ്പെട്ട് വ്യാജമൊഴി നൽകിയ ചിന്നയ്യയെ മംഗളൂരു ബെൽത്തങ്ങാടിയിലെ പ്രാദേശിക കോടതിയിൽ പ്രത്യേക അന്വേഷണ സംഘം ഇന്ന് ഹാജരാക്കും. SIT യുടെ കസ്റ്റഡി ഇന്ന് അവസാനിക്കാനിരിക്കെയാണ് ഇയാളെ കോടതിയിൽ ഹാജരാക്കുന്നത്.

✪✪✪

സംസ്ഥാനത്ത് മിക്ക ജില്ലകളിലും ഇന്നും മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് വിലയിരുത്തി. ഒരിടത്തും ജാഗ്രതാ നിർദ്ദേശമില്ല. തീരമേഖലയിലും പ്രത്യേക മുന്നറിയിപ്പ് നൽകിയിട്ടില്ല.

✪✪✪

ശബരിമലയിൽ അവിട്ടം ദിനത്തിൽ ഓണസദ്യയുണ്ട് ആയിരങ്ങൾ. സുഗമമായ ദർശനഭാഗ്യത്തോടൊപ്പം സന്നിധാനത്തെ പൊലീസ് ഉദ്യോഗസ്ഥരാണ് അവിട്ടം നാളിലെ സദ്യ ഒരുക്കിയത്.

ആകാശവാണി പ്രതിനിധി ശ്രീജി S ശ്രീധർ.

.......(വോയ്സ്).....

✪✪✪

US ഓപ്പൺ ടെന്നിസ് പുരുഷ വിഭാഗം സിംഗിൾസിൽ സ്പെയിനിന്റെ കാർലോസ് അൽക്കാരസും, ഇറ്റലിയുടെ ജാനിക് സിന്നറും ഏറ്റുമുട്ടും. കാനഡയുടെ ഫെലിക്സ് ഓഗർ അലിയാസിമിനെ നാല് സെറ്റു നീണ്ട പോരാട്ടത്തിലാണ് ജാനിക് സിന്നർ തോൽപ്പിച്ചത്.

വനിതാസിംഗിൾസിൽ ജപ്പാന്റെ നവോമി ഒസാക്കയെ തോൽപ്പിച്ച് അമേരിക്കയുടെ അമൻഡ അനിസിമോവ ഫൈനലിലെത്തി. നിലവിലെ ചാമ്പ്യൻ ബലാറസിന്റെ അരിന സെബലേങ്കയെയാണ് അവർ നേരിടുക.

✪✪✪

ഏഷ്യാകപ്പ് പുരുഷ ഹോക്കി സൂപ്പർ ഫോർ ഘട്ടത്തിൽ രാജ്ഗിറിൽ ഇന്ത്യ വൈകീട്ട് ചൈനയെ നേരിടും. പോയിന്റ് നിലയിൽ ഇന്ത്യ സൂപ്പർ ഫോറിൽ ഒന്നാം സ്ഥാനത്ത് തുടരുകയാണ്.

✪✪✪

കേരള ക്രിക്കറ്റ് ലീഗ് ഫൈനൽ മത്സരം നാളെ വൈകിട്ട് 6.45 ന് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ തുടങ്ങും. കൊല്ലം സെയ്ലേഴ്സും, കൊച്ചി ബ്ലൂ ടൈഗേഴ്സുമാണ് ഫൈനലിൽ ഏറ്റുമുട്ടുന്നത്.

ഇന്നലെ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെ 15 റൺസിന് തോൽപ്പിച്ചാണ് ടൈഗേഴ്സ് രണ്ടാം ഫൈനലിസ്റ്റുകളായത്.

✪✪✪

തൃശ്ശൂരിന്റെ ഓണാഘോഷം മറ്റന്നാളത്തെ പുലികളിയോടെ സമാപിക്കും. പുലികളി ഉത്സവത്തിന് നാളെ രാവിലെ കൊടിയേറും. നടുവിലാലിൽ മേയർ MK വർഗീസ് പതാക ഉയർത്തും. ഇക്കുറി 9 പുലികളി സംഘങ്ങളാണ് നഗരത്തിലിറങ്ങുന്നത്.

✪✪✪

കണ്ണൂർ ജില്ലയിൽ തുടർച്ചയായി പെയ്ത മഴ കാർഷിക മേഖലയിൽ വലിയ നഷ്ടമാണ് ഉണ്ടാക്കിയത്. മലയോര മേഖലയിൽ റബ്ബർ മരങ്ങളിൽ

വ്യാപകമായിക്കൊണ്ടിരിക്കുന്ന കുമിൾ രോഗം കർഷകരെ ആശങ്കയിലാക്കിയിരിക്കുകയാണ്.

ജില്ലാ പ്രതിനിധി K.O ശശിധരന്റെ റിപ്പോർട്ട്.

........( വോയ്സ്)............

✪✪✪

സ്വർണവില പുതിയ റെക്കോർഡിലെത്തി. പവന് 640 രൂപ വർദ്ധിച്ച് 79,560 രൂപയായി. 9,945 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

കോഴിക്കോട് മാനിപുരത്ത് ഇന്നലെ പുഴയിൽ വീണ കുട്ടിക്കായി തിരച്ചിൽ രാവിലെ പുനരാരംഭിച്ചു. ഒഴുക്കിൽപ്പെട്ട പത്തുവയസ്സുകാരിയുടെ സഹോദരനെ നാട്ടുകാർ രക്ഷപ്പെടുത്തിയിരുന്നു.

✪✪✪

വയനാട് കാട്ടിക്കുളത്തിന് സമീപം കാട്ടാനയുടെ ആക്രമണത്തിൽ മധ്യവയസ്കന് പരിക്കേറ്റു. മണ്ണുണ്ടി ഉന്നതിയിലെ ചിന്നനാണ് പരിക്കേറ്റത്. ഇന്ന് പുലർച്ചെ വീട്ടുമുറ്റത്തെത്തിയ കാട്ടാനയെ തുരത്താൻ ശ്രമിക്കുന്നതിനിടെ ചിന്നനെ കാട്ടാന ആക്രമിക്കുകയായിരുന്നു. ഇയാളെ വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റി.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ, ഫസ്ന ഫാത്തിമ,*
*DEO : ഷീബ*